ആഗസ്റ്റ് - നവംബർ

# ശാരദ ദീപം

**ശ്രീ ശാരദ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പുറനാട്ടുകര**

https://schoolwiki.in/sw/77gt

Email : srisaradaghss@gmail.com


## അധ്യാപക രക്ഷാകർത്തൃ പൊതുയോഗം

**അ**ധ്യാപക രക്ഷാകർത്തൃ പൊതുയോഗം ഓഗസ്റ്റ് 2 ശനിയാഴ്ച്ച ഉച്ചയ്ക്ക് രണ്ട് മണിക്ക് ശ്രീശാരദപ്രസാദം ഹാളിൽ വെച്ച് പി ടി എ പ്രസിഡൻ്റ് കെ എസ് സുധീറിന്റെ അധ്യക്ഷതയിൽ നടന്നു. ഹയർ സെക്കൻഡറി വിഭാഗം പ്രിൻസിപ്പാൾ എ കെ ഗീത സ്വാഗതമാശംസിച്ചു. സ്കൂൾ മാനേജർ പ്രവ്രാജിക നിത്യാനന്ദ പ്രാണാ മാതാജി ചടങ്ങ് ഉദ്ഘാടനം ചെയ്തു. മാർക്ക നേടുക എന്നതിലുപരി കുട്ടികൾ നല്ല സ്വഭാവത്തോടെയും കർത്തവ്യബോധത്തോടെയും വളരണമെന്നതിലാണ് ഈ വിദ്യാലയം ഊന്നൽ കൊടുക്കുന്നതെന്ന് മാതാജി പറഞ്ഞു. ഹൈസ്കൂൾ വിഭാഗം പ്രധാനാധ്യാപിക എസ് സിന്ധു വരവ് ചെലവ് കണക്കവതിരിപ്പിക്കുകയുണ്ടായി. പ്രിൻസിപ്പൽ എ കെ ഗീത റിപ്പോർട്ടവതരിപ്പിച്ചു. കഴിഞ്ഞ എസ് എസ് എൽ സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെയും അതോടൊപ്പം യു എസ് എസ് സ്കോളർഷിപ്പിന് അർഹരായവരേയും ആദരിച്ചു.  പേരാമംഗലം എസ് എച്ച് ഒ രതീഷ് കെ സി രക്ഷിതാക്കൾക്കായി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് നടത്തുകയുണ്ടായി.
പത്താം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ പത്രത്തിന്റെ പ്രകാശനം നിത്യാനന്ദ പ്രാണാ മാതാജി നിർവ്വഹിച്ചു. ജൂൺ, ജൂലൈ മാസങ്ങളിൽ സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ വാർത്താ രൂപത്തിൽ കുട്ടികൾ തയ്യാറാക്കിയതാണ് 'ശാരദ ദീപം' എന്ന ഡിജിറ്റൽ മാഗസിൻ. യോഗത്തിനു ശേഷം പഴയ കമ്മിറ്റി പിരിച്ചു വിടുകയും 2025-26 അധ്യയന വർഷത്തേക്കുള്ള പുതിയ കമ്മിറ്റി തിരഞ്ഞെടുക്കുകയും ചെയ്തു. പി ടി എ പ്രസിഡന്റ് -സുധീർ കെ എസ്, വൈസ് പ്രസിഡന്റ് - മുരുകൻ ടി കെ, എം പി ടി എ പ്രസിഡന്റ് - അഖില എം ആർ. എം പി ടി എ വൈസ് പ്രസിഡന്റ് -അജിത കെ  എന്നിവർ പങ്കെടുത്തു.



## സ്വാതന്ത്ര്യ ദിനം

**ഭാ**രതത്തിന്റെ എഴുപത്തൊമ്പതാം സ്വാതന്ത്ര്യ ദിനം വളരെ ഭംഗിയായി ആഘോഷിച്ചു. സ്കൂൾ മാനേജർ നിത്യാനന്ദ പ്രാണ മാതാജി, പിടിഎ പ്രസിഡണ്ട്, കായിക അധ്യാപിക, സ്കൂൾ പ്രിൻസിപ്പൽ, പ്രധാന അധ്യാപിക തുടങ്ങി എല്ലാവരും ഒത്തുചേർന്ന് 9:30 നോട് കൂടി പതാക ഉയർത്തി. കനത്ത മഴ ആയിരുന്നതിനാൽ ഗൈഡ്സ് അംഗങ്ങളുടെ മാർച്ച് പാസ്റ്റ് ഉണ്ടായിരുന്നില്ല. സ്കൂൾ മാനേജർ നിത്യാനന്ദ പ്രണാ മാതാജി കുട്ടികൾക്ക് സ്വാതന്ത്ര്യദിന സന്ദേശങ്ങൾ പകർന്നു കൊടുത്തു. ശേഷം പ്രിൻസിപ്പൽ എ കെ ഗീത ആശംസകൾ നൽകി. പ്രധാന അധ്യാപിക എസ് സിന്ധു സ്വാതന്ത്ര്യ സമര സേനാനികളെ കുറിച്ചു സംസാരിച്ചു. സംഗീത അധ്യാപിക കൃഷ്ണകൃപയും വിദ്യാർത്ഥിനികളും ചേർന്ന് ദേശഭക്തിഗാനങ്ങൾ ആലപിച്ചു. ആരുഷി അജയ്, ശ്രീലക്ഷ്മി, ദേവപ്രിയ, കീർത്തി ലക്ഷ്മി, സുധീർ കെ.എസ് (പിടിഎ പ്രസിഡണ്ട്) തുടങ്ങിയവർ സ്വാതന്ത്ര്യ ദിനത്തെ കുറിച്ച് സംസാരിച്ചു. പിന്നീട് വന്ദേമാതരം ആലപിച്ചു.  ദേശീയഗാനം ആലപിച്ച് ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷത്തിനു പരിസമാപ്തി കുറിച്ചു. കുട്ടികൾക്ക് മധുര വിതരണവും നടത്തി.





## ശാസ്ത്ര ലോകത്തേക്ക് ഒരു ചുവടുവെപ്പ്



ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ ഐടി മേള ഓഗസ്റ്റ് 8 വെള്ളിയാഴ്ച നടത്തുകയുണ്ടായി. പ്രവൃത്തി പരിചയ മേളക്ക് ഓൺ ദി സ്പോട്ട് മത്സരവും പ്രദർശന മത്സരവും ഉണ്ടായിരുന്നു. ഇതോടൊപ്പം പോഷൺ അഭിയാന്റെ ഭാഗമായി കുട്ടികൾ വീട്ടിലുണ്ടാക്കിയ ആവിയിൽ വേവിച്ചെടുത്ത ഭക്ഷണ പദാർത്ഥങ്ങളുടെ പ്രദർശനവും നടന്നു.



## ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാർ...



സെപ്റ്റംബർ 12ന കുട്ടികളുടെ ഗ്രാമസഭ മുതുവറ കമ്മ്യൂണിറ്റി ഹാളിൽ 12:30ന് ആരംഭിച്ചു. പഞ്ചായത്തിലെ നാല് സ്കൂളിൽ നിന്നും നൂറിൽപരം കുട്ടികളും 15 അധ്യാപകരും പങ്കെടുത്തു. കുട്ടികളുടെ ഗ്രാമസഭ ആയതിനാൽ പരിപാടിയുടെ ചുക്കാൻ പിടിച്ചത് കുട്ടികളായിരുന്നു അധ്യക്ഷൻ, ഉദ്ഘാടക, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നീ സ്ഥാനങ്ങൾ നിർവഹിച്ചത് ലക്ഷ്മി എസ് നായർ, അലേഖ്യ ഹരികൃഷ്ണൻ, നേഹ, നിവേദ് എന്നിവരായിരുന്നു. കുട്ടികളെ ഏഴ് ഗ്രൂപ്പുകളാക്കി അവർക്ക് കായികം, ആരോഗ്യം, കൃഷി, ഗതാഗതം, തുല്യത, കല, സാഹിത്യം എന്നീ വിഷയങ്ങൾ നൽകി. ചർച്ച ചെയ്തു കണ്ടെത്തിയ തീരുമാനങ്ങൾ അവതരിപ്പിച്ചു. അവർ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾക്ക് പഞ്ചായത്ത്പ്രസിഡൻറ് സിമി അജിത് കുമാർ മറുപടി നൽകി. അടാട്ട് പഞ്ചായത്ത് സെക്രട്ടറി കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. ആശംസകൾ അർപ്പിച്ചത് വാർഡ് മെമ്പർ ശ്രീഷ്മ ആയിരുന്നു. ബിപിസി ഗീതടീച്ചറും കുട്ടികൾക്ക് ആശംസകൾ അർപ്പിച്ചു. 4:30 ന് കുട്ടികൾക്ക് ഉപഹാരം നൽകി കുട്ടികളുടെ ഗ്രാമസഭ അവസാനിപ്പിച്ചു. ആ യോഗത്തിൽ തന്നെ പഞ്ചായത്തിലെ ഏറ്റവും നല്ല ശുചിത്വ വിദ്യാലയത്തിനുള്ള സമ്മാനദാനചടങ്ങിൽ ശ്രീ ശാരദക്ക് ഒന്നാം സ്ഥാനം ലഭിച്ചു.

## വിനോദയാത്ര

മധുരമാർന്ന ഒരുപാട് ഓർമ്മകൾ സമ്മാനിച്ചുക്കൊണ്ട് പത്താം ക്ലാസ്സ് വിദ്യാർത്ഥിനികൾ വിനോധയാത്രയുടെ ഭാഗമായി മൈസൂർ സന്ദർശിച്ചു.സെപ്റ്റംബർ-24 പുലർച്ചെ 5 മണിക്ക് സ്കൂളിൽ നിന്നും പുറപ്പെട്ടു. വയനാട് ചുരത്തിൽ സഞ്ചരിച്ച് നിരവധി വന്യജീവികളെ കണ്ടു. വൈവിധ്യമാർന്ന ജീവികളെ കുറിച്ച് മനസ്സിലാക്കാൻ ഇതിലൂടെ സാധിച്ചു. 10 മണിയോടു കൂടി പ്രഭാതഭക്ഷണം കഴിച്ചു. വൈകുന്നേരം മൈസൂരിലെ വൃന്ദാവൻ ഗാർഡനിൽ എത്തിച്ചേർന്നു. ദസറ പ്രമാണിച്ച് ലൈറ്റ് ഷോ കാണുവാൻ സാധിച്ചു. ഡി.ജെ യിൽ പങ്കെടുത്തു. പിന്നീടുള്ള ദിവസങ്ങൾ മൃഗശാല, ശുകവനം,ചാമുണ്ഡി ഹിൽസ്, സോപ്പ് ഫാക്ടറി, ഫിലോമിനാചർച്ച് ,മൈസൂർ പാലസ് തുടങ്ങി നിരവധി സ്ഥലങ്ങൾ സന്ദർശിച്ച് മൈസൂരിന്റെ ചരിത്രം അറിയുന്നതിനോടൊപ്പം ആ പ്രദേശത്തെ പ്രൗഢഗംഭീരമാക്കി തീർക്കുന്ന കാഴ്ചകളും ആസ്വദിച്ചറിഞ്ഞു. മൂന്നാം ദിവസം മൈസൂരിലെ ഒത്തിരി ഓർമ്മകളുമായി തിരിച്ച് വിദ്യാലയത്തിലേക്ക്. വിദ്യാർത്ഥി ജീവിതത്തിലെ മറ്റൊരു തലത്തിലേക്ക് എത്തിക്കുന്നതാണ് പത്താം ക്ലാസ്സിലെ ദിനങ്ങൾ. അതിന് കൂടുതൽ മോടി പകരാൻ വിനോദയാത്രയിലൂടെ സാധിച്ചു.








# തുരത്താം പുകയിലയെ

ഇന്ത്യാ ഗവൺമെന്റിന്റെ പുകയില വിമുക്ത വിദ്യാലയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 13ന് തിങ്കളാഴ്ച സ്കൂൾ അസംബ്ലിയിൽ ഒമ്പതാം ക്ലാസിലെ ഗൗരിനന്ദ എം പുകയില നിർമാർജ്ജന പ്രതിജ്ഞ ചൊല്ലുകയും കുട്ടികൾ അത് ഏറ്റുചൊല്ലുകയും ചെയ്തു. അന്നേദിവസം തന്നെ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് പുകയില വിരുദ്ധ മുദ്രാ ഗീതം, കവിത രചന മത്സരങ്ങൾ എന്നിവ നടത്തുകയുണ്ടായി. ഒക്ടോബർ അഞ്ചാം തിയ്യതി ബുധനാഴ്ച പുകയില വിരുദ്ധ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി. ഒക്ടോബർ 16ന് വ്യാഴാഴ്ച അടാട്ട് ഹെൽത്ത് സെൻററിലെ ഹെൽത്ത് ഇൻസ്പെക്ടർ പി ടി സുധീർ പുകയില നിർമാർജ്ജന ക്ലാസ്സ് നടത്തി പുകയില നിർമാർജ്ജന റാലി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ഇതിന്റെ ഭാഗമായി നടന്ന മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനദാനം നടത്തി . സ്കൂളിൽ നിന്നും ആരംഭിച്ച റാലി ഏകദേശം ഒരു കിലോമീറ്റർ ദൂരമുള്ള ജംഗ്ഷനിൽ എത്തിച്ചേർന്ന് അവിടെ തെരുവുനാടകവും ഫ്ലാഷ് മോബും നടത്തുകയുണ്ടായി. സ്കൂളിന് അകത്തും പുറത്തുമായി പുകയില നിരോധന ബോർഡുകൾ സ്ഥാപിച്ചു.






## പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാം

മാലിന്യ സംസ്കരണവും പരിസ്ഥിതി സംരക്ഷണവും സംബന്ധിച്ച് വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണവും പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തുന്നതിനും സമൂഹത്തിൽ ശുചിത്വബോധവും സുസ്ഥിര വികസനത്തിനുള്ള പ്രതിബദ്ധതയും മനോഭാവവും ഉറപ്പാക്കുന്നതിനുമായി കുട്ടികളുടെ ഹരിതസഭ നവംബർ17 ന് വിദ്യാലയത്തിൽ വച്ച് നടന്നു. പി. ടി. എ പ്രസിഡന്റ് സുധീർ കെ. എസ്. പങ്കെടുത്തു. കുട്ടികൾ അവരുടെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. സ്വന്തം ആശയങ്ങൾ പരസ്പ്പരം പങ്കുവെക്കാനുള്ള അവസരം വളരെ മികച്ച രീതിയിൽ കുട്ടികൾ പ്രയോജനപ്പെടുത്തി. വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് ( "ഇക്കോസെൻസ്" ) പദ്ധതിക്കുവേണ്ട എല്ലാ പ്രവർത്തനങ്ങളും സജീവമായി ചെയ്യുന്നു. ഹരിത സഭയിലൂടെ വിദ്യാർത്ഥികൾക്ക് പാഴ്‌വസ്തു പരിപാലനവുമായി ബന്ധപ്പെട്ട് പ്രാദേശികമായി നേരിടേണ്ടി വരുന്ന നൂതന പരിഹാരം കണ്ടെത്താനും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാനും സാധിച്ചു. ശാസ്ത്രീയമായ മാലിന്യനിർമാർജ്ജനം, മാലിന്യത്തിന്റെ അളവ് കുറക്കൽ തുടങ്ങിയ വിഷയങ്ങളിൽ താത്പര്യം കുട്ടികളിൽ വളർത്തിയെടുക്കുക തുടങ്ങിയവയായിരുന്നു ഹരിത സഭയുടെ പ്രധാനലക്ഷ്യങ്ങൾ. ഇതുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പരിശീലനം വിദ്യാലയത്തിൽ നൽകിവരുന്നു.







ചിങ്ങം 1 ന് മികച്ച കുട്ടികർഷകയ്ക്കുള്ള അവാർഡ് മനീക എം എം മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. ഇതുമായി ബന്ധപ്പെട്ട പ്രവർത്തകർ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ കൃഷി രീതികൾ പരിചയപ്പെട്ടും പച്ചക്കറിത്തോട്ടം വീക്ഷിച്ചുമാണ് ഈ മിടുക്കിയെ തിരഞ്ഞെടുത്തത്. കൃഷിയിൽ കുട്ടികൾക്ക് താത്പര്യം ഉണ്ടാക്കിയെടുക്കുന്ന ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ മനീക വിദ്യാലയത്തിലെ മറ്റു കൂട്ടുകാർക്ക് ഒരു പ്രചോദനമാണ്.

## പോഷൺ പക്വാഡ

ആരോഗ്യ സംരക്ഷണത്തിൽ ശ്രദ്ധ ചെലുത്തേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളിൽ എത്തിക്കാൻ ആവിയിൽ വേവിച്ചതും പോഷക സമൃദ്ധവുമായ പലഹാരങ്ങൾ കുട്ടികൾ കൊണ്ടു വരികയും അതിന്റെ ഗുണമേന്മകൾ അവതരിപ്പിക്കുകയും ചെയ്തു. നാടൻ പലഹാരങ്ങളെയും അവ എത്രത്തോളം ആരോഗ്യത്തിന് ഗുണകരമാണെന്നും കുട്ടികൾ മനസ്സിലാക്കി. റാഗി പോലുള്ള ചെറുധാന്യങ്ങൾ എങ്ങനെയെല്ലാം ആഹാരത്തിൽ ഉൾപ്പെടുത്താം എന്ന് അധ്യാപകർ നിർദ്ദേശം നൽകി. നല്ല ഭക്ഷണം, നല്ല ജീവിതശൈലി തുടങ്ങിയവ ആരോഗ്യത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ സാധിച്ചു.



## വിജ്ഞാനോത്സവം

ശാസ്ത്രത്തിലൂടെ കുട്ടികളിൽ യുക്തിബോധം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി അറിവിന്റെ ഉത്സവം തീർത്തുകൊണ്ട് വിജ്ഞാനോത്സവത്തിന് ശ്രീ ശാരദാ സ്കൂൾ വേദിയായി. വിവിധ ഗ്രൂപ്പുകളിലാക്കി കുട്ടികൾക്ക് പ്രവർത്തനങ്ങൾ നൽകി. വീട്ടിൽ നിന്നും ചെയ്തു വന്ന പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു. അവരുടെ ആശയങ്ങൾ ഭംഗിയായി അവതരിപ്പിച്ചു. കുട്ടികൾക്ക് പരസ്പരം പരിചയപ്പെടാനും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെക്കാനും സാധിച്ചു. മികച്ച പ്രവർത്തനം കാഴ്ച വെച്ച കുട്ടികളെ അടുത്ത തലത്തിലേക്ക് തിരഞ്ഞെടുത്തു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് സമാപനചടങ്ങിൽ നൽകി.



## സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം ശ്രീ ശാരദ സ്കൂളിൽ സമുചിതമായി ആചരിച്ചു. സെപ്റ്റംബറിലെ മൂന്നാമത്തെ ശനിയാഴ്ചയാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം ആയി ആചരിക്കുന്നത് അതിനോട് അനുബന്ധിച്ച് സെപ്റ്റംബർ 23 ബുധനാഴ്ച ഫ്രീഡം സോഫ്റ്റ്‌വെയർ ഡേ പ്രതിജ്ഞ എടുത്തു. ഒമ്പതാം ക്ലാസ്സിലെ വിദ്യാർത്ഥിനിയും ലിറ്റിൽ കൈറ്റ്സ് ലീഡറുമായ തീർത്ഥ സി എൻ ആണ് അസംബ്ലിയിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. സെപ്റ്റംബർ 24 വ്യാഴാഴ്ച ഇതിനോടനുബന്ധിച്ച് ഒരു ക്വിസ് മത്സരം നടത്തുകയുണ്ടായി. അഞ്ചു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളാണ് ക്വിസ് മത്സരത്തിൽ പങ്കെടുത്തത്. ക്വിസ് മത്സരത്തിനു നേതൃത്വം നൽകിയത് അഭിരാമി, സൂര്യഗായത്രി എന്നിവരാണ്. ഡിജിറ്റൽ പോസ്റ്റർ രചന മത്സരത്തിൽ ഇരുപതോളം കുട്ടികളാണ് പങ്കെടുത്തത്. അന്ന് തന്നെ 3 മണിക്ക് അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രാധാന്യം, ആർട്ടിഫിഷ്യൽ ഇൻറലിജൻസും അതിലെ ചതിക്കുഴികളും എന്നീ വിഷയങ്ങളെ കുറിച്ച് ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി. ക്ലാസ്സെടുത്തത് അബിയ മേരി, ദേവനന്ദ, പൂജിത, ശ്രീ ബാല എന്നിവരാണ്. ഫ്രീഡം സോഫ്റ്റ്‌വെയർ ബോധവൽക്കരണത്തോടൊപ്പം സമഗ്ര ആപ്പിനെ കുറിച്ചും പരിചയപ്പെടുത്തുകയുണ്ടായി. സെപ്റ്റംബർ 25 വ്യാഴാഴ്ച ജോവീന, സംഗീത, ഗൗതമി എന്നിവർ കുട്ടികൾക്കായി ഒരു ബോധവൽക്കരണ ക്ലാസ്



നടത്തുകയുണ്ടായി. ക്ലാസ്സിനു ശേഷം കുട്ടികൾ തയ്യാറാക്കിയ ചെറിയ ആനിമേഷനുകൾ പ്രദർശിപ്പിക്കുകയുണ്ടായി. ഒപ്പം റോബോട്ടിക്സിലെ ഒരു ചെറിയ പ്രദർശനവും നടന്നു.

# സമേതം 2025-26

തൃശ്ശൂർ ജില്ലാ പഞ്ചായത്തും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് സംഘടിപ്പിക്കുന്ന സമേതം വിദ്യാലയ ചരിത്രരചന മത്സരം ശ്രീശാരദ സ്കൂൾ പുറനാട്ടുകരയിൽ നടത്തുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ആഗസ്റ്റ് 8 ന് പഞ്ചായത്തിലെ 7 സ്കൂളിലെ പ്രതിനിധികളും വാർഡ് മെമ്പർ പ്രസിഡൻറ് എന്നിവരുടെ സാന്നിധ്യത്തിൽ സംഘാടകസമിതി രൂപീകരിക്കുകയുണ്ടായി. സെപ്റ്റംബർ 9ന് രാവിലെ 9 30 മുതൽ ആരംഭിച്ച മൂന്ന് മണിക്ക് അവസാനിക്കുന്ന രീതിയിൽ പരിപാടി ആസൂത്രണം ചെയ്യു. പ്രധാന അധ്യാപിക സിന്ധു എസ് സ്വാഗതം പറഞ്ഞതിനെ തുടർന്ന് പരിപാടികൾ ആരംഭിച്ചു. അധ്യക്ഷൻ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഉഷ ശ്രീനിവാസനും, ഉദ്ഘാടന കർമ്മം നിർവഹിച്ചത് പഞ്ചായത്ത് പ്രസിഡൻറ് അജിത് കുമാറുമായിരുന്നു. അജിത കൃഷ്ണൻ (വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ) വാർഡ് മെമ്പർ കണ്ണൻ, സി ആർ സി കോർഡിനേറ്റർ നിവ്യ ഷാജു,



പ്രിൻസിപ്പാൾ എ കെ ഗീത എന്നിവർ ആശംസകൾ നേർന്നു. ഏകദേശം നൂറ് കുട്ടികളും 14 അധ്യാപകരും പരിപാടിയിൽ പങ്കാളികളായി. സ്കൂളുകളുടെ മികച്ച അവതരണത്തിന് ശേഷം ഫല പ്രഖ്യാപനം നടത്തി. എൽ പി വിഭാഗത്തിൽ എസ് ആർ കെ ജി വി എം എൽ പി എസ് പുറനാട്ടുകര ഒന്നാം സ്ഥാനവും ജി എൽ പി എസ് അടാട്ട് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. യുപി വിഭാഗത്തിൽ

ജി യു പി എസ് ചുരക്കാട്ടുകര ഒന്നാം സ്ഥാനവും സെന്റ്മേരിസ് യുപിഎസ് രണ്ടാം സ്ഥാനവും നേടി. ഹൈസ്കൂൾ വിഭാഗത്തിൽ ശ്രീശാരദ ഗേൾസ് സ്കൂൾ പുറനാട്ടുകര ഒന്നാം സ്ഥാനവും എസ്ആർകെജി വി എം എച്ച് എസ് എസ് പുറനാട്ടുകര രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പ്രോഗ്രാം കോർഡിനേറ്റർ സാമൂഹ്യ ശാസ്ത്രം അധ്യാപിക സന്ധ്യ ടി എം നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പരിപാടിക്ക് വിരാമമിട്ടു വിദ്യാലയ ചരിത്ര രചന കുട്ടികൾക്ക് ഒരു പുതിയ അനുഭവമായിരുന്നു. തങ്ങൾ പഠിക്കുന്ന സ്കൂളിന്റെ ചരിത്രാന്വേഷണം ഒട്ടൊരു ആവേശത്തോടെയാണ് അവർ ഏറ്റെടുത്തത്. കുട്ടികളുടെ അവതരണത്തിൽ അത് പ്രതിഫലിക്കുന്നുണ്ടായിരുന്നു. പങ്കെടുത്ത എല്ലാവരും മികച്ച പ്രകടനമാണ് കാഴ്ച വെച്ചത്.



## കഴിവുകളുണർത്താൻ വിദ്യാരംഗം

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വിവിധയിനം മത്സരങ്ങൾക്ക് ശാരദ സ്കൂൾ വേദിയായി. കുട്ടികളുടെ ഉള്ളിലുള്ള കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകാൻ ഇതിലൂടെ സാധിച്ചു. നാടൻപാട്ട്, ഗാനാലാപനം തുടങ്ങിയ ഇനങ്ങളിൽ ശ്രീ ശാരദയിലെ കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് നൽകി. എല്ലാവരുടെയും സഹകരണത്തോടെ പരിപാടി സമാപിച്ചു.



## SIC- യിൽ ആശയ സമർപ്പണം നടത്തു സാങ്കേതിക മുന്നേറ്റത്തിൽ പങ്കാളികളാകൂ.....



# വിജയത്തിളക്കം സമ്മാനിച്ച് കായികപ്രതിഭകൾ



അമേയ എം.എസ്
സ്റ്റേറ്റ് ഖൊ ഖൊ മൂന്നാം സ്ഥാനം

ജില്ലാ കളക്ടറിൽ നിന്നും
സമ്മാനം വാങ്ങുന്നു.



ഖൊ ഖൊ സബ്ജൂനിയർ സബ്ജില്ലാ ഫസ്റ്റ്



ശിവാനി പി വി
വെസ്റ്റ് സബ്ജില്ല സ്കൂൾ ഗെയിംസ് സീനിയർ വിഭാഗം
ഗോൾഡ് മെഡൽ



ഖൊ ഖൊ ജൂനിയർ സബ്ജില്ലാ ഫസ്റ്റ്



ശിവാനി പി.വി
വെസ്റ്റ് സബ്ജില്ല സ്കൂൾ ഗെയിംസ്
സീനിയർ വിഭാഗം ഗോൾഡ് മെഡൽ



അമേയ എം.എസ്
സ്റ്റേറ്റ് ഖൊ ഖൊ 3rd




ജില്ലാതല തിരുവാതിരക്കളിയിൽ
2ാം സ്ഥാനം കരസ്ഥമാക്കി.




## ശാരദയുടെ ചെസ്സ് റാണി



ദിൻഷ സി. എസ്.



ആവണി എം.എസ്
ഷോർട്ട്പുട്ട്
സ്റ്റേറ്റ് എ ഗ്രേഡ് 6ാം സ്ഥാനം

## ശ്രീ ശാരദയുടെ മണ്ണിൽ തൃശ്ശൂരിന്റെ കളക്ടർ



പഞ്ചായത്ത് തല തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ വിദ്യാലയം സന്ദർശിച്ചു കുട്ടികളും അധ്യാപകരും ആഹ്ലാദത്തോടെ കളക്ടറെ സ്വാഗതം ചെയ്തു കുട്ടികളോടൊപ്പം സമയം ചിലവഴിക്കുകയും അവരുടെ സന്തോഷത്തിന്റെ ഭാഗമാവുകയും ചെയ്തു






ഡിസംബർ 3 ലോകഭിന്നശേഷി വാരാചരണത്തോടനുബന്ധിച്ച് കുട്ടികളുടെ പരിപാടികൾ നടന്നു. വേർതിരുവുകളില്ലാതെ എല്ലാവരെയും പ്രോത്സാഹിപ്പിക്കേണ്ടതിന്റെയും അവസരങ്ങൾ നൽകേണ്ടതിന്റെയും പ്രാധാന്യം കുട്ടികളിലെത്തിക്കാൻ ഇതിലൂടെ കഴിഞ്ഞു.



NO TO DRUGS